©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2023

കേരള നിയമസഭാ  പ്രിന്റിംഗ്  പ്രസ്സ്.

## പതിനഞ്ചാം കേരള നിയമസഭ

# സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2021-2023)

## അഞ്ചാമത് റിപ്പോർട്ട്

(2023 മാർച്ച് മാസം 20-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[ഇടുക്കി ജില്ലാസന്ദർശനത്തിന്റെ ഭാഗമായി മറയൂരിലെ നെല്ലിപ്പെട്ടിക്കുടി ആദിവാസി ഊരിൽ നടത്തിയ സന്ദർശനത്തെ അടിസ്ഥാനമാക്കി തയ്യാറാക്കിയ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2023

# പതിനഞ്ചാം കേരള നിയമസഭ

# സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2021-2023)

## അഞ്ചാമത് റിപ്പോർട്ട്

(2023 മാർച്ച് മാസം 20-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[ഇടുക്കി ജില്ലാസന്ദർശനത്തിന്റെ ഭാഗമായി മറയൂരിലെ നെല്ലിപ്പെട്ടിക്കുടി ആദിവാസി ഊരിൽ നടത്തിയ സന്ദർശനത്തെ അടിസ്ഥാനമാക്കി തയ്യാറാക്കിയ റിപ്പോർട്ട്]

542/2023.

# ഉള്ളടക്കം

| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |

## സമിതിയുടെ ഘടന

<u>അദ്ധ്യക്ഷ</u> :

ശ്രീമതി യു. പ്രതിഭ

<u>അംഗങ്ങൾ</u> :

ശ്രീമതി ഒ. എസ്. അംബിക

ശ്രീമതി സി. കെ. ആശ

ശ്രീമതി ദെലീമ

ശ്രീമതി കാനത്തിൽ ജമീല

ഡോ. എൻ. ജയരാജ്

ഡോ. എം.കെ. മുനീർ

ശ്രീമതി ശാന്തകുമാരി കെ.

*ശ്രീമതി ഉമ തോമസ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീ. ആർ. വേണുഗോപാൽ, ജോയിന്റ് സെക്രട്ടറി

ശ്രീമതി ലാലി വി. എസ്., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജയകുമാർ ജി ., അണ്ടർ സെക്രട്ടറി

ശ്രീ. അനിൽകുമാർ ബി., അണ്ടർ സെക്രട്ടറി.

---

* അംഗമായിരുന്ന ശ്രീ. സജീവ് ജോസഫ് 12-7-2022-ന് രാജിവച്ചതിനെ തുടർന്നുണ്ടായ ഒഴിവിൽ

# ആമുഖം

സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായി പിന്നാക്കം നിൽക്കുന്ന വിഭാഗക്കാരെ വികസിത സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് ഉയർത്തിക്കൊണ്ട് വരിക എന്ന ലക്ഷ്യത്തോടെ കേരള നിയമസഭയുടെ സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2021-2023) 2022 മെയ് മാസം 10-ാം തീയതി ഇടുക്കി ജില്ലയിലെ മറയൂരിലുള്ള നെല്ലിപ്പെട്ടിക്കുടി ആദിവാസി ഊര് സന്ദർശിക്കുകയും മുതുവാൻ ഗോത്രവിഭാഗത്തിൽപ്പെട്ട സ്ത്രീകളുടെ പ്രശ്നങ്ങൾ, ശിശുപരിപാലനം, ജീവിതരീതി എന്നിവ നേരിട്ട് മനസ്സിലാക്കുകയും ചെയ്തു. പ്രസ്തുത സന്ദർശനയോഗത്തിൽ റവന്യൂ, തദ്ദേശസ്വയംഭരണം, വനം-വന്യജീവി, പൊതുവിദ്യാഭ്യാസം, വനിതാ ശിശു വികസനം, പട്ടികജാതി പട്ടികവർഗ്ഗ വികസനം, ആരോഗ്യ കുടുംബക്ഷേമം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, ആരോഗ്യ പ്രവർത്തകർ എന്നിവരുമായി ചർച്ച നടത്തുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തു. പ്രസ്തുത സന്ദർശനത്തിന്റെയും ചർച്ചയുടേയും അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ നിഗമനങ്ങളും ശിപാർശകളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

2023 മാർച്ച് മാസം 15-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

യു. പ്രതിഭ,
*ചെയർപേഴ്സൺ,*
*സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2023 മാർച്ച് 15.

## റിപ്പോർട്ട്

ഇടുക്കി ജില്ലയുടെ കിഴക്കൻ അതിർത്തിയിൽ ആനമുടിയോട് ചേർന്നുള്ള ഗിരിനിരകളിൽ താമസിക്കുന്ന ആദിവാസി ഗോത്രമാണ് 'മുതുവാൻ'. മുതുവാന്മാരുടെ കുലത്തിൽ സാധാരണയായി ഒന്നിലധികം സമൂഹങ്ങൾ/ഗോത്രങ്ങൾ ഉണ്ടായിരിക്കും. ഇവർക്കിടയിൽ മേലാക്കൂട്ടം, കാനക്കൂട്ടം പൂതാനിക്കൂട്ടം, കനയാതുക്കൂട്ടം എന്നിങ്ങനെയുള്ള ഗോത്രവിഭാഗങ്ങളുണ്ട്. മേലാക്കൂട്ടമാണ് ഇതിലേറ്റവും പ്രധാനമായ ഗോത്രം. മേലാക്കൂട്ടത്തിന്റെ തലവന്മാരാണ് മുതുവാന്മാരുടെ പൊതുവിലുള്ള തലവന്മാർ. കേരളത്തിലെ ആദിവാസി ഗോത്ര സമുദായങ്ങളിൽ സ്ത്രീ-പുരുഷ അനുപാതം ദേശീയ ശരാശരിയേക്കാൾ കുറവുള്ള ഏക വർഗ്ഗക്കാരാണിവർ. കൃഷിയും വനവിഭവങ്ങളുടെ ശേഖരണവുമാണ് പ്രധാന തൊഴിൽ. പുരുഷന്മാരും സ്ത്രീകളും മിക്കവാറും സമയങ്ങളിൽ മുതുകിൽ മാറാപ്പും കയ്യിൽ വാക്കത്തിയുമായാണ് സഞ്ചരിക്കുന്നത്. മാറാപ്പിൽ കുഞ്ഞുങ്ങളെ സൂക്ഷിക്കുന്നതിനാലാണ് 'മുതുവാൻ' എന്ന പേര് വന്നതെന്ന് കരുതപ്പെടുന്നു. കാട്ടിലൂടെയുള്ള ഇരതേടലിൽ വിദഗ്ധരായതിനാൽ വനം വകുപ്പ് ഇവരെ വന്യജീവി വേട്ടക്കാരെ കണ്ടുപിടിക്കാൻ ഉപയോഗിക്കുന്നുണ്ട്.

2. കോത്തഗിരി, കുണ്ടള, ഇരുപ്പുകല്ല്, മീങ്കുത്തി, ലക്കം, വെള്ളിയാമ്പാറ, വാരിയംകുടി, സൂര്യനെല്ലി, തലമാലി തുടങ്ങി ഈ വിഭാഗക്കാരുടെ അറുപതോളം ആവാസകേന്ദ്രങ്ങൾ കേരളത്തിലുണ്ട്. തൃശ്ശൂർ ജില്ലയിലെ അടിച്ചിൽതോട്ടി, കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി, മലപ്പുറം ജില്ലയിലെ ചേലാർമല, ഓടണ്ടപ്പാറ എന്നിവിടങ്ങളിലും മുതുവാൻമാർ ജീവിക്കുന്നുണ്ട്. പരമ്പരാഗത വൈദ്യത്തിൽ വിശ്വസിക്കുന്ന ഇവർ പൊതുവേ ആശുപത്രികളിൽ പോകാറില്ല. ചില പ്രത്യേകതരം വിശ്വാസങ്ങളും ആചാരാനുഷ്ഠാനങ്ങളും ഈ ഗോത്രവിഭാഗക്കാരുടെയിടയിൽ നിലനിൽക്കുന്നു. സ്വസമുദായത്തിൽ നിന്നുമാത്രം വിവാഹം ചെയ്യുന്ന ഇവർ നിയമം ലംഘിക്കുന്നവരെ സമുദായത്തിൽ നിന്നും പുറന്തള്ളുന്നു. ബാല്യദശ കഴിഞ്ഞ പ്രായപൂർത്തിയായ ആൺകുട്ടികളെ 'ചാവടി' എന്ന കെട്ടിടത്തിൽ വിവാഹം വരെ മാറ്റിത്താമസിപ്പിക്കുന്ന ആചാരവും ഇവിടെ നിലനിൽക്കുന്നു.

3. സാമൂഹികവും-സാമ്പത്തികവും വിദ്യാഭ്യാസപരവുമായും പിന്നാക്കം നിൽക്കുന്ന ഇത്തരം വിഭാഗക്കാരെ വികസിത സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ട് വരുന്നതിനായി വിവിധ സർക്കാരുകൾ കോടികൾ ചെലവഴിക്കുകയും വിവിധ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ആയത് ഫലപ്രദമായി അവരിലേക്കെത്തിച്ചേർന്നിട്ടുണ്ടോയെന്നത് പരിശോധനാ വിധേയമാക്കേണ്ടതുണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടു. പ്രസ്തുത സാഹചര്യത്തിലാണ് കേരള നിയമസഭയുടെ സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി, മുതുവാൻ വിഭാഗത്തിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ, ശിശുപരിപാലന രീതി, ജീവിതരീതി എന്നിവയെക്കുറിച്ച് നേരിട്ട് മനസ്സിലാക്കുന്നതിനായി മറയൂരിലെ നെല്ലിപ്പെട്ടിക്കുടിയിൽ മുതുവാൻ വിഭാഗക്കാർ താമസിക്കുന്ന ഊരുകൾ സന്ദർശിച്ചത്.

4. നെല്ലിപ്പെട്ടിക്കുടി ആദിവാസി മേഖലയിലെ ജനവിഭാഗങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ പ്രധാനം അടിസ്ഥാന സൗകര്യ വികസനത്തിന്റെ അഭാവമാണെന്നും ആയതിൽ ചിലതൊക്കെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മുഖേന പരിഹരിക്കാൻ സാധിച്ചിട്ടുണ്ടെങ്കിലും

ഗതാഗത സൗകര്യം, വീട്, വൈദ്യുതി എന്നിവ പൂർണ്ണതോതിൽ എത്തിക്കാൻ കഴിഞ്ഞിട്ടില്ലായെന്നും സമിതി മനസ്സിലാക്കുന്നു. ഇതര വിഭാഗങ്ങളിൽ നിന്നും വ്യത്യസ്തമായി ഇവർ പ്രത്യേക സമൂഹങ്ങൾ/ഗോത്രങ്ങളായി അധിവസിച്ചുവരുന്നതിനാൽ ജനസംഖ്യാനുപാതികമായി അവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് ഉതകുന്ന പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ടെന്ന് സമിതി അഭിപ്രായപ്പെടുന്നു.

5. വിദ്യാഭ്യാസപരമായി വളരെ പിന്നാക്കം നിൽക്കുന്ന സമൂഹമാണ് മുതുവാൻമാർ. നാലാംതരം വരെയുള്ള ഏകാധ്യാപക വിദ്യാലയങ്ങൾ നിർത്തലാക്കിയതിനാൽ പഠനത്തിനായി ഇവർ പുറമെയുള്ള വിദ്യാലയങ്ങളെയും ട്രൈബൽ ഹോസ്റ്റലുകളെയുമാണ് ആശ്രയിക്കുന്നത്. വിദൂരവും ദുർഘടവും വാഹന സൗകര്യം ലഭ്യമല്ലാത്തതുമായ ആദിവാസി മേഖലകളിലെ കുട്ടികൾക്ക് സ്കൂളിലേക്കും തിരിച്ചും പോയിവരാൻ വാഹനസൗകര്യം ലഭ്യമാക്കുന്ന 'ഗോത്രസാരഥി' പദ്ധതി നടപ്പാക്കിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കി വന്നിരുന്ന പ്രസ്തുത പദ്ധതി, തുക വിതരണം ചെയ്യുന്നതിലുണ്ടായ കാലതാമസംമൂലം ഇടക്കാലത്ത് കൃത്യമായി നടപ്പാക്കാൻ കഴിഞ്ഞില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. പട്ടികവർഗ്ഗ വികസന പ്രവർത്തനങ്ങൾക്കായുള്ള ഫണ്ടിനത്തിൽ അനുവദിച്ച ഒരു കോടി രൂപയിൽ 50 ലക്ഷം രൂപയും 'ഗോത്രസാരഥി' പദ്ധതിയ്ക്കായി വിനിയോഗിക്കേണ്ടിവന്നതായി സമിതിയ്ക്ക് ബോധ്യപ്പെട്ടു. ബാക്കി വരുന്ന തുക അനിവാര്യ പ്രോജക്ടുകൾക്ക് ഉപയോഗിച്ചു കഴിഞ്ഞാൽ നാമമാത്രമായ ചെറു പ്രോജക്ടുകൾ മാത്രമേ പഞ്ചായത്തിന് പട്ടികവർഗ്ഗ ക്ഷേമാർത്ഥം നടപ്പാക്കാൻ കഴിയൂ എന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 2022-23 സാമ്പത്തിക വർഷം മുതൽ 'ഗോത്രസാരഥി പദ്ധതിയുടെ ഫലപ്രാപ്തി വിലയിരുത്തി പ്രയോഗികമല്ലെങ്കിൽ മറ്റു സംവിധാനത്തെപ്പറ്റി ആലോചിക്കണമെന്നും വിജയപ്രദമാണെങ്കിൽ കൂടുതൽ തുക ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

6. ഈ ജനവിഭാഗത്തെ വിദ്യാഭ്യാസപരമായി മുന്നിലെത്തിക്കുന്നതിനായി നവീന പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ടെന്ന് സമിതി അഭിപ്രായപ്പെടുകയും. ഇതിനായി നിലവിലുള്ള സംവിധാനങ്ങൾ ക്രിയാത്മകമായി വിലയിരുത്തി ആധുനിക പഠന സൗകര്യങ്ങളൊരുക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

7. പെൺകുട്ടികളുടെ പഠനാർത്ഥം നിലവിൽ പ്രവർത്തിച്ചുവരുന്ന ഹോസ്റ്റലിൽ 15 കുട്ടികൾക്ക് മാത്രം താമസിക്കുവാനുള്ള സൗകര്യമാണുള്ളതെന്നും എന്നാൽ പ്രസ്തുത ഹോസ്റ്റലിൽ അൻപതോളം കുട്ടികളെ താമസിപ്പിച്ചിരിക്കുന്നതായും ആകെ രണ്ടു ശുചിമുറികൾ മാത്രമാണുള്ളതെന്നും സമിതിയ്ക്ക് ബോധ്യപ്പെടുകയുണ്ടായി. ആയതിനാൽ മറയൂരിൽ തന്നെ പെൺകുട്ടികൾക്കായി ഹോസ്റ്റൽ സംവിധാനമൊരുക്കണമെന്നും പ്രസ്തുത ഹോസ്റ്റലിൽ അൻപതോ അതിൽ കൂടുതലോ കുട്ടികൾക്ക് താമസിക്കുന്നതിനായി മതിയായ കെട്ടിട

സൗകര്യങ്ങളും കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ശുചിമുറികളും ഏർപ്പെടുത്തണമെന്നും നിലവിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെയും ട്രൈബൽ ഹോസ്റ്റലുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശചെയ്യുന്നു.

8. ഈ വിഭാഗത്തിലെ ചില പെൺകുട്ടികൾ ബിരുദതലം വരെ പഠിച്ചിട്ടുണ്ടെങ്കിലും പി.എസ്.സി. മുഖേന സർക്കാർ ജോലി ലഭിച്ചവരാരും തന്നെയില്ലെന്നും എന്നാൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന ഫോറസ്റ്റ് വാച്ചർമാരായി നിയമനം ലഭിച്ചവരുണ്ടെന്നും സാങ്കേതിക വിദ്യാഭ്യാസം നേടിയവരില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കുട്ടികളിൽ ജീവിത നിലവാരം ഉയർത്തുന്നതിനായി തൊഴിലിന്റെ മഹത്വത്തെക്കുറിച്ചും ജീവിതമൂല്യങ്ങളെപ്പറ്റിയും അറിവ് പകരുന്നതിനായി ബോധവൽക്കരണ ക്ലാസ്സുകളും വിവിധ തൊഴിലുകളെക്കുറിച്ചും അവയുടെ സാങ്കേതികതയെപ്പറ്റിയും അവരെ ബോധവൽക്കരിച്ച് അവരുടെ ഇഷ്ട മേഖല തെരഞ്ഞെടുക്കത്തക്ക വിധത്തിൽ തൊഴിലധിഷ്ഠിത ക്ലാസ്സുകൾ സംഘടിപ്പിക്കണമെന്നും അവർക്ക് സർക്കാർ മേഖലയിൽ തൊഴിൽ ലഭിക്കുന്നതിനായി പി.എസ്.സി. കോച്ചിംഗ് നൽകുന്നതിന് സംവിധാനമൊരുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

9. മറയൂർ പഞ്ചായത്തിലെ ഒന്നാം വാർഡിലെ ഊച്ചാംപാറകുടി, രണ്ടാം വാർഡിലെ ഇരുട്ടളകുടി, പുതുകുടി, വെള്ളക്കൽകുടി, മുളകാംപെട്ടികുടി, തായണ്ണംകുടി, മൂന്നാം വാർഡിലെ ഈച്ചാംപ്പെട്ടികുടി ഏഴാം വാർഡിലെ പുറവയൽകുടി എന്നീ ആദിവാസി കുടികളിൽ നാളിതുവരെ വൈദ്യുതി എത്തിച്ചേർന്നിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. രാത്രികാലങ്ങളിൽ മണ്ണെണ്ണ വിളക്കുകളെയാണ് ഇവർ ആശ്രയിക്കുന്നത്. ഇവർക്ക് മുൻകാലങ്ങളിൽ റേഷൻ കടകൾ വഴി ലഭിച്ചിരുന്ന മണ്ണെണ്ണയുടെ അളവ് സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയശേഷം കാർഡ് ഒന്നിന് അര ലിറ്ററായി കുറച്ചിട്ടുണ്ടെന്നും എന്നാൽ ഈ കുടികളിൽ ഒന്നുംതന്നെ വൈദ്യുതി എത്തിയിട്ടില്ലെന്നും കുട്ടികൾക്ക് വൈകിട്ട് വീടുകളിൽ ഇരുന്ന് പഠിക്കുന്നതിനോ ഗൃഹപാഠങ്ങൾ ചെയ്യുന്നതിനോ സാധിക്കാത്ത അവസ്ഥയാണുള്ളതെന്നും കൂടാതെ രാത്രി കാലങ്ങളിൽ വന്യമൃഗ ശല്യവും ഇവരെ അലട്ടുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ അഞ്ഞൂറിലധികം കുടുംബങ്ങൾ താമസിക്കുന്ന പ്രസ്തുത പ്രദേശത്ത് അണ്ടർ ഗ്രൗണ്ട് കേബിളുകൾ സ്ഥാപിച്ച് കുടികളിൽ അടിയന്തരമായി വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതുവരെ മുൻകാലങ്ങളിൽ നൽകിയിരുന്ന അളവിൽ മണ്ണെണ്ണ വിതരണം പുനസ്ഥാപിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

10. വന്യമൃഗശല്യം മൂലമുണ്ടാകുന്ന കൃഷിനാശം ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ഇത്തരം മേഖലകളിലെ വന്യമൃഗശല്യം ഫലപ്രദമായി തടയാൻ

നൂതന ആശയങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ട ഉത്തരവാദിത്തം വനം-വന്യജീവി വകുപ്പിനുള്ളതായി സമിതി ചൂണ്ടിക്കാട്ടി. പ്രസ്തുത മേഖലകളിലെ വന്യജീവിശല്യം ഒഴിവാക്കുന്നതിന് ആധുനികവും ഫലപ്രദവുമായ സാങ്കേതികമാർഗ്ഗങ്ങൾ അവലംബിക്കണമെന്നും വന്യമൃഗശല്യം മൂലമുണ്ടാകുന്ന കൃഷി നാശത്തിനും ആൾനാശത്തിനും മതിയായ നഷ്ടപരിഹാരം സമയബന്ധിതമായി തന്നെ നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

11. നൂതന വാർത്താ വിനിമയ ഉപാധികളായ മൊബൈൽ ഫോണും ഇന്റർനെറ്റും നമ്മുടെ ആരോഗ്യ, വിദ്യാഭ്യാസ, ഭക്ഷ്യ-വിതരണ മേഖലകളിൽ ഉണ്ടാക്കിയ വിപ്ലവകരമായ മാറ്റം പ്രത്യേകിച്ച് കൊറോണ കാലഘട്ടത്തിൽ നമ്മൾ തിരിച്ചറിഞ്ഞതാണ്. എന്നാൽ ഒറ്റപ്പെട്ടുകിടക്കുന്ന മറയൂരിലെ ആദിവാസി മേഖലകളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവംമൂലം ആധുനിക വിവര സാങ്കേതികവിദ്യ പൂർണ്ണതോതിൽ ഇപ്പോഴും എത്തിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ആയതിനാൽ മറയൂരിലെ ആദിവാസി ഊരുകളിലെ കുട്ടികളുടെ വിദ്യാഭ്യാസത്തിനും ആരോഗ്യ പരിപാലനത്തിനും ഭക്ഷ്യവിതരണത്തിനും ഉതകുന്ന വിധത്തിൽ മൊബൈൽ/ഇന്റർനെറ്റ് സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

12. മറയൂർ ഗ്രാമപഞ്ചായത്തിലെ ആദിവാസി ഊരുകളിലേക്കുള്ള റോഡുകളുടെ അവസ്ഥ വളരെ ശോചനീയമാണെന്ന് സമിതി വിലയിരുത്തുന്നു. ആദിവാസി ഊരുകളിലേക്ക് എത്തിച്ചേരാൻ വനപ്രദേശത്തുകൂടി കിലോമീറ്ററുകളോളം യാത്രചെയ്യേണ്ട സ്ഥിതിവിശേഷമാണുള്ളത്. അടിയന്തരഘട്ടങ്ങളിൽ രോഗികളെയും കൊണ്ട് ആശുപത്രികളിലേക്ക് ഇത്തരം ദുർഘട പാതയിലൂടെയുള്ള യാത്ര രോഗികൾക്ക് യഥാസമയം ചികിത്സ ലഭിക്കുന്നതിന് വിഘാതമാകുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ആദിവാസി ഊരുകളിലേക്ക് റോഡ് സൗകര്യം ഏർപ്പെടുത്തുന്നതിന് വനം-വന്യജീവി വകുപ്പും, തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി നടപടി സ്വീകരിക്കുന്നതിന് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് നേതൃത്വം കൊടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

13. മുതുവാൻ വിഭാഗത്തിൽപ്പെട്ടവർക്കായി നവീന പദ്ധതികൾ നടപ്പാക്കുമ്പോൾ ഇവരെ ആധുനീകരിക്കുകയല്ല വേണ്ടതെന്നും പരമ്പരാഗതമായി പിന്തുടർന്നു വന്നിരുന്ന തനതു സാംസ്കാരിക സവിശേഷതയ്ക്ക് കോട്ടം തട്ടാത്തരീതിയിൽ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുകയാണ് വേണ്ടതെന്നും സമിതി അഭിപ്രായപ്പെടുകയുണ്ടായി. ഈ വിഭാഗത്തിൽപ്പെട്ടവരുടെ ജനസംഖ്യ കുറഞ്ഞുവരുന്നതായി കണക്കുകളിൽ നിന്ന് മനസ്സിലാക്കുന്നതായി ചൂണ്ടിക്കാട്ടിയ സമിതി, ഗർഭിണികളുടെയും, പ്രസവാനന്തരം അമ്മയുടെയും കുഞ്ഞിന്റേയും മരണനിരക്കിലുണ്ടാകുന്ന വർദ്ധനവാണിതിന് കാരണമെന്ന് വിലയിരുത്തി. ആയതിനാൽ ഗർഭിണികൾക്കും അമ്മമാർക്കും കുഞ്ഞുങ്ങൾക്കും അങ്കണവാടികൾ മുഖേന തനത് ഭക്ഷണമുൾപ്പെടെയുള്ള പോഷകാഹാരം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

14. പ്രസവം തുടങ്ങിയ അടിയന്തരാവശ്യങ്ങൾക്കായി മറയൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ വേണ്ടത്ര സൗകര്യമില്ലാത്തതിനാൽ അടിമാലി, കോട്ടയം എന്നിവിടങ്ങളിലെ ആശുപത്രികളിലേക്ക് റഫർ ചെയ്യുന്ന സാഹചര്യമാണ് നിലവിലുള്ളതെന്നും യഥാസമയം ആശുപത്രികളിൽ എത്തിക്കാൻ സാധിക്കാത്തതിനാൽ പലപ്പോഴും അമ്മമാരും കുഞ്ഞുങ്ങളും മരണപ്പെട്ടിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മറയൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഗൈനക്കോളജിസ്റ്റുകൾ ഉൾപ്പെടെയുള്ള ഡോക്ടർമാരുടെ മികച്ച സേവനം ഉറപ്പുവരുത്തണമെന്നും, കിടത്തി ചികിത്സയുൾപ്പെടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തി 'അട്ടപ്പാടി മാതൃകയിൽ' ഒരു സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

15. മുതുവാൻ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾ ആചാരത്തിന്റെ ഭാഗമായി ആർത്തവ സമയങ്ങളിലും പ്രസവകാലഘട്ടങ്ങളിലും സ്വന്തം വീടുകളിൽ നിന്നും മാറി 'വാലായ്മപ്പുര'കളിൽ താമസിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. വീടുകളിൽ നിന്നും മാറി സ്ഥിതി ചെയ്യുന്ന ഇത്തരം പുരകൾ വളരെ ഇടുങ്ങിയതും വൃത്തിഹീനവും, സുരക്ഷിതത്വമില്ലാത്തതുമാണെന്നും ഇത്തരം പുരകളിൽ താമസിക്കുന്നത് ഒഴിവാക്കുന്നതിനായി സ്ത്രീകളും പെൺകുട്ടികളും മാലാ-ഡി പോലുള്ള ഗർഭ നിരോധന ഗുളികകൾ കഴിക്കുന്നതായും ആയത് അവരുടെ ആരോഗ്യസ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്നുവെന്നും ഇവർക്കിടയിൽ ഇൻഫെർട്ടിലിറ്റി നിരക്ക് വർദ്ധിക്കുവാൻ ഇടയായിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു.

16. നിലവിലെ വാലായ്മപ്പുരകളിൽ സ്ഥലലഭ്യതയനുസരിച്ച് മാത്രം അന്തേവാസികളെ ഉൾക്കൊള്ളിക്കുന്നതിനും വൈദ്യുതി, വെള്ളം, മതിയായ ശുചിമുറികൾ, വിനോദോപാധികൾ, സമ്പുഷ്ടാഹാരം, പാനീയങ്ങൾ, ആവശ്യത്തിന് വസ്ത്രങ്ങൾ, കിടക്കകൾ, സൗകര്യങ്ങളുള്ള അടുക്കള എന്നിവ ഉറപ്പാക്കണമെന്നും ആർത്തവകാലത്ത് വ്യക്തിശുചിത്വവും ആരോഗ്യവും നിലനിർത്തുന്നതിന് മതിയായ ബോധവൽക്കരണം നടത്തണമെന്നും ആവശ്യമായ മരുന്നുകളും മറ്റുപാധികളും ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

17. ഈ വിഭാഗക്കാരുടെ ഇടയിൽ ശൈശവ വിവാഹം കൂടുതലാണെന്ന് സമിതി മനസ്സിലാക്കുന്നു. ഫലപ്രദമായ ബോധവൽക്കരണമോ ഊരു വികസന സമിതികളോ മതിയായ പ്രൊമോട്ടർമാരോ പ്രസ്തുത പ്രദേശത്ത് ഇല്ലായെന്നതും കുട്ടികളുടെ വളർച്ചയ്ക്കായി അങ്കണവാടികൾ മുഖേനയുള്ള പദ്ധതികൾ മാത്രമാണ് നിലവിലുള്ളതെന്നും ഇവരുടെ ആരോഗ്യ സംരക്ഷണത്തിന് ജെ.പി. എച്ച്. എൻ. (ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്)-ന്റെ സേവനം മാത്രമാണ് ലഭിക്കാറുള്ളതെന്നും മനസ്സിലാക്കിയ സമിതി, അടിയന്തരമായി ഊരുവികസന സമിതികൾ/ അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് അവ പ്രവർത്തന സജ്ജമാക്കണമെന്നും പ്രസ്തുത സമിതിയുടെ ഒരു വർഷത്തെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട് സമിതിയ്ക്ക് ലഭ്യമാക്കണമെന്നും മതിയായ പ്രൊമോട്ടർമാർ, കൗൺസിലർമാർ, മറ്റുദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി വികസന സമിതിയുടെ പ്രവർത്തനം മെച്ചപ്പെടുത്തണമെന്നും നിർദ്ദേശിക്കുന്നു.

18. പ്രസ്തുത വിഭാഗക്കാരുടെ ജീവിത നിലവാരം ഉയർത്തുന്നതിനായി ഇവർക്ക് അടച്ചുറപ്പുള്ള പാർപ്പിടങ്ങൾ നിർമ്മിച്ചു കൊടുക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് സമിതി അഭിപ്രായപ്പെട്ടു. കൈവശ ഭൂമിക്ക് പട്ടയം ലഭിക്കാത്തതുമൂലം ഭവന പദ്ധതികൾ പോലുള്ള സർക്കാർ ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്നുവെന്ന പരാതി സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. വാസയോഗ്യമായ സ്ഥലങ്ങളിൽ ഭൂമിയും ആയതിന് പട്ടയവും സമയബന്ധിതമായി വിതരണം ചെയ്യുന്നതിനും അവിടെ വീട് നിർമ്മിച്ച് നൽകുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

19. പരമ്പരാഗത ആഹാര രീതികളും ജീവിതശൈലികളും പിന്തുടർന്നുവരുന്ന ഇവരുടെ പ്രധാന ഭക്ഷണം ചോറ്, റാഗി, വനത്തിൽ നിന്നു ശേഖരിക്കുന്ന പ്രത്യേക തരം കിഴങ്ങുകൾ എന്നിവയാണെന്ന് സമിതി മനസ്സിലാക്കുന്നു. വന്യമൃഗശല്യം പൊതുവെയുള്ള മേഖലയായതിനാൽ കാൽ നടയായി മറയൂരിൽ എത്തി റേഷൻ സാധനങ്ങൾ വാങ്ങാനുള്ള ബുദ്ധിമുട്ട് മനസ്സിലാക്കുന്ന സമിതി, അവരുടെ പരമ്പരാഗത ഭക്ഷണമായ റാഗി, തിന, വരക് തുടങ്ങിയ ചെറുധാന്യങ്ങൾ കൂടി റേഷനിൽ ഉൾപ്പെടുത്തി വിതരണം ചെയ്യണമെന്നും അതിനായി ഊരിനു സമീപം പൊതുവിതരണ കേന്ദ്രങ്ങൾ ആരംഭിക്കുകയോ, 'വാതിൽപ്പടി സേവനം' ലഭ്യമാക്കുകയോ ചെയ്യണമെന്നും ശിപാർശ ചെയ്യുന്നു.

20. മുതുവാൻ വിഭാഗത്തിലെ സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായി സമിതിക്ക് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ പരിശോധിച്ച് വേണ്ടത്ര ഇടപെടൽ നടത്തുന്നതിനും അവർ നേരിടുന്ന പ്രശ്നങ്ങൾ ശിപാർശ രൂപത്തിൽ സർക്കാർ മുമ്പാകെ അവതരിപ്പിക്കുന്നതിലൂടെ പ്രസ്തുത ജന വിഭാഗത്തിന്റെ സർവ്വമേഖലകളിലുമുള്ള ഉന്നമനത്തിന് ഉതകുന്ന തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരുന്നതിനും ഈ റിപ്പോർട്ടിന് കഴിയുമെന്ന് സമിതി പ്രത്യാശിക്കുന്നു.

യു. പ്രതിഭ,

*അദ്ധ്യക്ഷ,*

*സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2023 മാർച്ച് 15.